# ഭാഗം - IV
# മേഖല നിയന്ത്രണങ്ങൾ

# 29. മേഖല നിയന്ത്രണങ്ങൾ (Zoning Regulations)

**1.0** നെടുമങ്ങാട് നഗരസഭ ഉൾപ്പെടുന്ന ആസൂത്രണ പ്രദേശത്തിന്റെ ഭാവിയിലെ എല്ലാ കെട്ടിടങ്ങളും, ഭൂവികസനവും നെടുമങ്ങാട് മാസ്റ്റർപ്ലാനിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം.

**2.0** വികസന നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്ക് നഗരസഭാ ഏരിയയെ വിവിധ സോണുകളായി തരം തിരിച്ചിരിക്കുന്നു.

- ⇨ പാർപ്പിട ഉപയോഗ സോൺ. (Residential use zone)
- ⇨ വാണിജ്യ ഉപയോഗ സോൺ. (Commercial use zone)
- ⇨ വ്യാവസായിക ഉപയോഗ സോൺ. (Industrial use zone)
- ⇨ പൊതു/അർദ്ധപൊതുഉപയോഗ സോൺ. (Public/Semi-public use zone)
- ⇨ പാർക്കുകളും, തുറസ്സായ സ്ഥലങ്ങളും.(Parks and Open spaces)
- ⇨ കരകൃഷി സോൺ. (Dry agriculture zone)
- ⇨ പൈതൃക സോൺ(Heritage zone)
- ⇨ ഗതാഗത സോൺ. (Transport use zone)
- ⇨ നെൽ പാടങ്ങൾ /താഴ്ന്ന ഭൂപ്രദേശങ്ങൾ (Paddy/ Low lying)
- ⇨ ജലാശയങ്ങൾ (Water bodies)
- ⇨ ക്വാറി പ്രദേശം (Quarry)
- ⇨ ശ്മശാനം / ബറിയൽ ഗ്രൗണ്ട് (Cemetry/Burial ground)
- ⇨ നിർദ്ദിഷ്ട റോക്ക് – ക്വാറി ടൂറിസം സോൺ (Proposed Rock-Quarry tourism zone )
- ⇨ നിർദ്ദിഷ്ട കൺവൻഷൻ സെന്റർ (Proposed Convention centre)
- ⇨ നിർദ്ദിഷ്ട സിവിൽ സ്റ്റേഷൻ (Proposed Civil Station)

കൂടാതെ വികസന പദ്ധതികൾക്കായി താഴെ പ്രതിപാദിക്കുന്ന പ്രത്യേക മേഖലകൾ കൂടി നിർദ്ദേശിച്ചിരിക്കുന്നു.

സ്പെഷ്യൽ സോൺ I (SP1) - ആസൂത്രിത വികസന സോൺ (Planned development zone)
സ്പെഷ്യൽ സോൺ II (SP2) – പ്രാദേശിക കായിക കേന്ദ്രം(Regional Sports centre)
സ്പെഷ്യൽ സോൺ III (SP3) - വ്യവസായ ഏരിയ (Industrial area)
സ്പെഷ്യൽ സോൺ IV (SP4) - മത്സ്യ വിപണന കേന്ദ്രം (Fish Trade centre)
സ്പെഷ്യൽ സോൺ V (SP5) - നിർദ്ദിഷ്ട ആയുർവേദ ആശുപത്രി (Proposed Ayurveda hospital)
സ്പെഷ്യൽ സോൺ VI (SP6) – നിർദ്ദിഷ്ട പാർക്ക് (Proposed park)

ഓരോ സോണിലേയും അനുവദനീയവും, നിയന്ത്രിതവും, നിരോധിതവുമായ ഉപയോഗങ്ങളുടെ സ്വഭാവം സംബന്ധിച്ച വിശദാംശങ്ങൾ താഴെ നൽകിയിട്ടുണ്ട്. മാസ്റ്റർപ്ലാനിലെ ഈ നിയന്ത്രണങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബന്ധപ്പെട്ട നിയമങ്ങൾക്കും, ആക്ടുകൾക്കും, ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും, വിജ്ഞാപനങ്ങൾക്കും അനുസൃതമായി പ്രാബല്യത്തിൽ കൊണ്ടു വരേണ്ടതാണ്.താഴെ പരാമർശിച്ചിട്ടുള്ള എല്ലാ നിയന്ത്രണങ്ങൾക്കും, KMBR-ൽ പ്രതിപാദിച്ചിട്ടുള്ള തത്തുല്ല്യമായ വ്യവസ്ഥകളേക്കാൾ പ്രാമുഖ്യം ഉണ്ടായിരിക്കുന്നതാണ്.

3.0 ഒരു സോണിലെ **'അനുവദനീയമായ ഉപയോഗങ്ങൾ'** എന്നത് സാധാരണഗതിയിൽ ഉൾപ്പെടുത്താവുന്ന എല്ലാ ഉപയോഗങ്ങളുമാണ്. അത്തരം ഉപയോഗങ്ങൾക്ക് നെടുമങ്ങാട് നഗരസഭ സെക്രട്ടറിക്ക് (ഇതിനു ശേഷം സെക്രട്ടറി എന്ന് പരാമർശിക്കപ്പെടുന്നു) അനുമതി നൽകാവുന്നതാണ്.

**4.0** പ്രത്യേക ഉപയോഗത്തിന് നിർദേശിച്ചിരിക്കുന്ന ഒരു സോണിൽ ആ സോണിന്റെ ഉദ്ദേശത്തെ ബാധിക്കാത്ത തരത്തിലുള്ള മറ്റ് ചില ഉപയോഗങ്ങളും ചിലപ്പോഴൊക്കെ അനുവദിക്കാവുന്നതാണ്. അത്തരം ഉപയോഗങ്ങളെ അവയുടെ പ്രകടന സവിശേഷതകൾ അടിസ്ഥാനമാക്കി വിശകലനം ചെയ്ത് പരിഗണിക്കേണ്ടതാണ്. അവയെ **'നിയന്ത്രിത ഉപയോഗങ്ങൾ -1'** (തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ് ) ന്റെ ജില്ലാ ഓഫീസ് മേലധികാരിയുടെ അംഗീകാരത്തോടെ സെക്രട്ടറിയ്ക്ക് നൽകാവുന്നത്), **'നിയന്ത്രിത ഉപയോഗങ്ങൾ-2'** (തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ് ) ന്റെ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ സെക്രട്ടറിയ്ക്ക് നൽകാവുന്നത്) എന്ന് തരംതിരിച്ചിരിക്കുന്നു.

**5.0** സാധാരണ ഗതിയിൽ അനുവാദം നൽകാനാകാത്ത വിവിധ ഉപയോഗങ്ങളാണ് ഓരോ സോണുകളിലെയും 'നിരോധിത" ഉപയോഗങ്ങളിൽ ഉൾപ്പെടുന്നത്.

**6.0** മാസ്റ്റർ പ്ലാനിന് അനുമതി ലഭിക്കുന്നതിനു മുമ്പ് ഖണ്ഡിക 5.0 ൽ പറഞ്ഞിരിക്കുന്നതു പ്രകാരം 'നിരോധിത ഉപയോഗ'ത്തിൽ പെടുന്ന ഏതെങ്കിലും ഉപയോഗം നിലവിൽ വന്നിട്ടുണ്ടെങ്കിൽ അത്തരം ഉപയോഗത്തെ വിരുദ്ധ ഉപയോഗമായി പരിഗണിക്കാം. വികസന നിയന്ത്രണ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിയമപരമായി സ്ഥാപിതമായ അത്തരം വിരുദ്ധ ഉപയോഗം അതിന്റെ നിലവിലെ സ്ഥാനത്ത് തുടരാൻ അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഉപയോഗം സ്ഥലത്തിന്റെ നിർദ്ദിഷ്ട സ്വഭാവത്തെ പ്രതികൂലമായി സ്വാധീനിക്കുന്നില്ല എന്ന് ഉറപ്പു വരുത്തിക്കൊണ്ട് അറ്റകുറ്റ പണികൾക്ക് സെക്രട്ടറിക്ക് അനുവാദം നൽകാവുന്നതാണ്. എന്നാൽ കൂട്ടിച്ചേർക്കലോ, പരിവർത്തനമോ, പുനർ നിർമ്മാണമോ മറ്റോ ആവശ്യമാണെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) ന്റെ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ സെക്രട്ടറിയ്ക്ക് അനുമതി നൽകാവുന്നതാണ്.

**7.0** നിലവിലുള്ള പുരാവസ്തു പ്രാധാന്യമുള്ള നിർമ്മിതികളും കാർഷികവും മതപരവുമായ ഉപയോഗങ്ങളും അതേ പോലെ തുടരാൻ എല്ലാ സോണുകളിലും അനുമതി നൽകാവുന്നതാണ്. അവ വിരുദ്ധ ഉപയോഗത്തിൽ ഉൾപ്പെടുത്തേണ്ടതില്ല.

**8.0** മാസ്റ്റർ പ്ലാനിൽ വീതി വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന നിലവിലെ റോഡുകളുടെയും, പുതിയ റോഡുകളുടെയും അരികിലെ നിർമ്മാണങ്ങൾക്കും, ഭൂവികസനങ്ങൾക്കും; മാസ്റ്റർപ്ലാനിലോ, സർക്കാർ അംഗീകരിച്ച വിശദമായ റോഡ് അലൈൻമെന്റിലോ വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവത്തിൽ; റോഡിന്റെ മധ്യരേഖയിൽ നിന്നുള്ള അകലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയന്ത്രണങ്ങൾ ബാധകമാവുക.

**9.0** സർക്കാരിന്, മാസ്റ്റർപ്ലാനിലെ ഏതെങ്കിലും സാങ്കേതിക വിഷയത്തിനെ സംബന്ധിച്ച്; ചീഫ് ടൗൺ പ്ലാനറോട് കൂടിയാലോചിച്ച്; സ്പഷ്ടീകരണം നൽകുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

**10.0** ഒരുനിർദ്ദിഷ്ട ഉപയോഗ സോണിൽ "അനുവദിക്കുകയോ", "നിയന്ത്രിക്കുകയോ" ചെയ്തിരിക്കുന്ന ഉപയോഗങ്ങളുടെ സമാന സ്വഭാവമുള്ള ഉപയോഗമാണെങ്കിൽ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ സെക്രട്ടറിക്ക് അനുവദിക്കാവുന്നതാണ്.

**11.0** മാസ്റ്റർ പ്ലാനിലെ ഏതൊരു സോണിലും ഉൾപ്പെടുന്ന, നെൽ വയലുകളിലും തണ്ണീർത്തടങ്ങളിലും ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളോ ഭൂവികസനമോ നടത്തേണ്ടി വരികയാണെങ്കിൽ, ആയത് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. നെൽ പാടങ്ങളും/താഴ്ന്ന ഭൂപ്രദേശങ്ങളും എന്ന് നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള സോണിൽ സംസ്ഥാനത്തു പ്രാബല്യത്തിലുള്ള നെൽവയൽ/ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരാത്ത പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, ഈ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് അപേക്ഷ ലഭിക്കുന്ന അവസരത്തിൽ, പ്രസ്തുത ഭൂമിയെ സമീപമുള്ള സോണിലെ വികസന നിയന്ത്രണങ്ങൾ അനുസരിച്ച്, പ്രാബല്യത്തിലുള്ള മറ്റ് ആക്ടുകൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറിക്ക് തന്നെ നിർമ്മാണ അനുമതി സംബന്ധിച്ച തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**12.0** ചില പദ്ധതികൾക്കായി 'സ്പെഷ്യൽ സോൺ' എന്ന് പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങൾ മാസ്റ്റർ പ്ലാൻ അംഗീകൃതമായതിനുശേഷം അഞ്ച് വർഷത്തിനുള്ളിൽ തന്നെ നഗരസഭ /പദ്ധതി നടപ്പിലാക്കേണ്ട ബന്ധപ്പെട്ട ഏജൻസി ഏറ്റെടുക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ലെങ്കിൽ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ പ്രസ്തുത പ്രദേശങ്ങളുടെ നിയന്ത്രണത്തിൽ വ്യതിയാനം വരുത്തി ഏറ്റവും യോജിക്കുന്ന സമീപത്തെ ഭൂവിനിയോഗത്തിലേയ്ക്ക് മാറ്റാവുന്നതാണ്.

**13.0** നിലവിലെ പൊതു/അർദ്ധ പൊതു ഉപയോഗങ്ങൾ (പബ്ലിക്-സെമി പബ്ലിക്) അതേപടി നിലനിർത്തിയിരിക്കുന്നു; മാസ്റ്റർപ്ലാനിന്റെ ഭാഗമായി പുതുതായി പബ്ലിക്-സെമി പബ്ലിക് ഉപയോഗങ്ങൾ നിർദ്ദേശിക്കുന്നില്ല. നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ പൊതു/അർദ്ധ പൊതു ഉപയോഗം, വ്യാവസായിക ഉപയോഗം, ഗതാഗത സോൺ എന്നിവയായി അടയാളപ്പെടുത്തിയിരിക്കുന്ന സോണുകളിൽ സ്വകാര്യ ഭൂമി ഉൾപ്പെടുത്തുന്നതായി, വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ച് സെക്രട്ടറിക്കു ബോധ്യപ്പെടുന്ന പക്ഷം, പ്രസ്തുത വസ്തുവിൽ സമീപമുള്ള സോണിലെ വികസന നിയന്ത്രണങ്ങൾ പ്രകാരം നിർമ്മാണം അനുവദിക്കാവുന്നതാണ്.

**13.a.** നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ നിലവിൽ തോടുകൾ / ജലാശയങ്ങൾ എന്നിവയായി അടയാളപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളിൽ തോടുകളോ / ജലാശയങ്ങളോ അല്ലാത്ത സ്വകാര്യ ഭൂമി ഉൾപ്പെടുന്നുവെന്ന്, വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ച് സെക്രട്ടറിക്കു ബോധ്യപ്പെടുന്ന പക്ഷം, ജല നിർഗ്ഗമന പാതകൾക്ക തടസ്സം വരുന്നില്ലെന്ന് ഉറപ്പ് വരുത്തി, പ്രസ്തുത വസ്തുവിൽ സമീപമുള്ള സോണിലെ വികസന നിയന്ത്രണങ്ങൾ പ്രകാരം സെക്രട്ടറിക്കു നിർമ്മാണം അനുവദിക്കാവുന്നതാണ്.

**14.0** പൊതു ആവശ്യങ്ങൾക്കായുള്ള കേന്ദ്ര/ സംസ്ഥാന/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ മാസ്റ്റർപ്ലാനിലെ എല്ലാ സോണുകളിലും (ജലാശയങ്ങൾ എന്ന സോൺ ഒഴികെ) അനുവദിക്കാവുന്നതാണ്.

**14. a.** **Transmission/ Telecommunication/ Mobile tower** എല്ലാ സോണുകളിലും അനുവദിനീയമാണ്.

**14. b.** ടോട്ട് ലോട്ട് , പാർക്ക് എന്നീ ഉപയോഗങ്ങൾ എല്ലാ സോണുകളിലും അനുവദിനീയമാണ്.

**14.c.** പബ്ലിക് യൂട്ടിലിറ്റി കെട്ടിടങ്ങൾ എന്നാൽ പൊതു ജന സേവനങ്ങൾക്കായി ഉപയോഗപ്രദമാകുന്ന കെട്ടിടങ്ങൾ എന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഉദാ: **toilet, restroom, bus stop, ATM** തുടങ്ങിയവ

**15.0** തറ വിസ്തീർണ്ണം 1000 ചതുരശ്ര മീറ്ററിനു മുകളിലുള്ള സിനിമാശാലകൾ/ആഡിറ്റോറിയം/കല്ല്യാണമണ്ഡപങ്ങൾ/ കമ്മ്യൂണിറ്റിഹാളുകൾ എന്നീ ഉപയോഗങ്ങൾക്ക്, നിലവിലെ KMBR ൽ നിഷ്കർഷിച്ചിരിക്കുന്ന പാർക്കിംഗിന്റെ 20 % അധികം നൽകേണ്ടതാണ്.

**16.0** ജലാശയങ്ങളുമായി അനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തികൾക്ക് (കലുങ്ക്, പാലം, സംരക്ഷണ ഭിത്തി മുതലായവ) ജലസേചന വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്.

**17.0** 0.5 ഹെക്ടറിൽ കുറയാതെ വിസ്തീർണമുള്ള സ്ഥലത്ത് 50 കോടി രൂപയിലേറെ മുതൽ മുടക്കു നടത്തുകയും, പ്രോജക്ട് കമ്മീഷൻ ചെയ്തു കഴിയുമ്പോൾ 250 പേർക്കെങ്കിലും പ്രത്യക്ഷ തൊഴിൽ നൽകുകയും ചെയ്യുന്ന തരത്തിലുള്ള വൻകിട വികസന പദ്ധതിക്ക് ജലാശയങ്ങൾ, ഒഴികെ മറ്റുള്ള സോണുകളിൽ അനുമതി നൽകാവുന്നതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് (നഗരകാര്യ) സെക്രട്ടറി അദ്ധ്യക്ഷനായും, തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ് ) ന്റെ ചീഫ് ടൗൺ പ്ലാനറും, ആസൂത്രണ പ്രദേശത്തിന്റെ ചുമതലയുള്ള ജില്ലാ ടൗൺ പ്ലാനറും (കൺവീനർ), നെടുമങ്ങാട് നഗരസഭ സെക്രട്ടറിയും അംഗങ്ങളുമായുള്ള ഒരു സമിതി സർക്കാർ ഇതിനായി രൂപീകരിക്കുന്നതും താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം സമിതിയുടെ ശുപാർശയിന്മേൽ അനുമതി നൽകാവുന്നതാണ്:

a. പ്രസ്തുത പ്രോജക്ടിന്റെ ഡെവലപ്പർ പ്രോജക്ടിന്റെ സാധ്യതാ റിപ്പോർട്ടും പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും (obtained from the Ministry of

Environment and Forests,) സമിതിയുടെ യോഗ തീയതിക്ക് 15 ദിവസം മുമ്പെങ്കിലും സമിതി കൺവീനർക്കു സമർപ്പിക്കേണ്ടതാണ്.

b. ബന്ധപ്പെട്ട സംസ്ഥാന - കേന്ദ്ര ഏജൻസികളുടെ ക്ലിയറൻസുകളെല്ലാം തന്നെ ഡെവലപ്പർ സമിതിക്കു മുമ്പാകെ ഹാജരാക്കേണ്ടതാണ്.

c. ജല വിതരണം, മലിന ജല നിർമ്മാർജ്ജനം, ഖര മാലിന്യ സംസ്കരണം തുടങ്ങിയ പശ്ചാത്തല സൗകര്യ സംവിധാനങ്ങൾക്കെല്ലാം പര്യാപ്തമായ തോതിൽ തുക പ്രോജക്ടിൽ വകയിരുത്തേണ്ടതാണ്. പ്രത്യേക മലിന ജല നിർമ്മാർജ്ജന പ്ലാന്റും, ഖര മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും ഡെവലപ്പർ സ്വന്തം ചെലവിൽ ഏർപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്.

d. മേൽപ്പറഞ്ഞ സംവിധാനങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് നഗരസഭാ സെക്രട്ടറിക്ക് ഡെവലപ്പർ ഒരു ധാരണ പത്രം നൽകേണ്ടതാണ്.

e. പ്രാപ്യമായ റോഡിന്റെ ഏറ്റവും കുറഞ്ഞ വീതി 10 മീ. അഥവാ സമിതിയുടെ നിർദ്ദേശാനുസരണം ആയിരിക്കണം

f. പ്രത്യേകം സൂചിപ്പിച്ചിട്ടില്ലെങ്കിൽ പ്രോജക്ട് 5 വർഷക്കാലയളവിനകം പൂർത്തീകരിക്കേണ്ടതാണ്.

**18.0** Environment (protection) Act, 1986 നും അനുബന്ധ ഭേദഗതികൾക്കും അനുസരിച്ചുള്ള Noise Pollution (Regulation & Control) Rule, 2000 പ്രകാരമുള്ള വ്യവസ്ഥകൾ മാസ്റ്റർ പ്ലാൻ പ്രദേശത്ത് ബാധകമായിരിക്കും.

**18. a.** നിർദ്ദിഷ്ട വിഴിഞ്ഞം മംഗലപുരം റോഡ് (Outer ring road), ബന്ധപ്പെട്ട Special Investment Region എന്നിവയ്ക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ മാസ്റ്റർപ്ലാനിലെ യാതൊരു വ്യവസ്ഥകളും തടസ്സമാകുന്നില്ല.

**19.0** ഇവിടെ നൽകിയിരിക്കുന്ന മേഖലാ നിയന്ത്രണങ്ങളിൽ തറ വിസ്തീർണ്ണം എന്നാൽ കെട്ടിടത്തിന്റെ 'ആകെ തറ വിസ്തീർണ്ണം' എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**20.0** വിവിധ സോണുകളിലെ അനുവദനീയവും നിയന്ത്രിതവും, നിരോധിതയുമായ ഉപയോഗങ്ങൾ താഴെ നൽകിയിരിക്കുന്നു:

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.1 | **പാർപ്പിട ഉപയോഗ സോൺ** | | | |
| | പാർപ്പിടങ്ങൾ, അപ്പാർട്ട്മെന്റുകൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ | ആരാധനാലയങ്ങൾ | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |
| | ക്രഷുകൾ, ഡേകെയർ സെന്ററുകൾ, നഴ്സറി സ്കൂൾ, കിന്റർ ഗാർട്ടൻ, അംഗൻവാടി, പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകൾ മുതൽ ഹൈസ്കൂളുകൾ വരെ, നിലവിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിപുലീകരണം | | | |
| | രോഗ നിർണ്ണയ കേന്ദ്രങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ (ഔട്ട് പേഷ്യന്റ്)- തറ വിസ്തീർണ്ണം 200 ച.മീ. വരെ. | | | |

| | | | | |
|---|---|---|---|---|
| | കടകൾ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, റസ്റ്റോറന്റുകൾ- തറ വിസ്തീർണ്ണം 400 ച.മീ. വരെ | | | |
| | കയർ ഉൾപ്പെടെയുള്ള കുടിൽ വ്യവസായങ്ങൾ, ശല്യരഹിതവും, അസഹനീയമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1 കാണുക) - തറ വിസ്തീർണ്ണം 200 $m^2$ വരെ | | | |
| | ഗോഡൗൺ/ വെയർ ഹൗസ്/ അപകടരഹിതമായ വസ്തുക്കളുടെ സംഭരണം, സ്റ്റാക്കിംഗ്യാർഡ് - തറ വിസ്തീർണ്ണം 150.ച.മീ. വരെ | | | |
| | അസംബ്ലിഹാൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപങ്ങൾ, കമ്മ്യൂണിറ്റിഹാളുകൾ, എക്സിബിഷൻ ഹാളുകൾ, ഗ്രന്ഥശാലകൾ, ജിംനേഷ്യം, സമ്മേളന ഹാളുകൾ- തറ വിസ്തീർണ്ണം -200 ച.മീ.വരെ | | | |
| | മാലിന്യ സംസ്ക്കരണ ഉപയോഗങ്ങൾ, പബ്ലിക് യൂട്ടിലിറ്റി ബിൽഡിംഗുകൾ | | | |
| | ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് - തറ വിസ്തീർണ്ണം 200 $m^2$ വരെ | | | |
| **പ്രവേശന വഴിക്ക് കുറഞ്ഞത് 8 മീറ്റർ നിലവിൽ/നിർദ്ദിഷ്ട വീതി ഉണ്ടെങ്കിൽ** | | | | |
| | ലോഡ്ജുകൾ, ഡോർമെറ്ററികൾ, ഹോസ്റ്റലുകൾ, ടൂറിസ്റ്റ് ഹോമുകൾ, ഹോട്ടലുകൾ, അതിഥി മന്ദിരങ്ങൾ- തറ വിസ്തീർണ്ണം 1000 ച.മീ. വരെ | | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |

| | | | | |
|---|---|---|---|---|
| | ഹയർ സെക്കന്ററി സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ | | | |
| | ആശുപത്രികളും, ആരോഗ്യകേന്ദ്രങ്ങളും | ഗ്യാസ് ഗോഡൗണുകൾ | | |
| | നിലവിലെ മെഡിക്കൽ സ്ഥാപനങ്ങളുടെ വിപുലീകരണം | | | |
| | കടകൾ, ബാങ്കുകൾ ധനകാരയസ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, റസ്റ്റൊറന്റുകൾ- തറ വിസ്തീർണ്ണം 500 ച.മീ. വരെ | | | |
| | തീയേറ്ററുകൾ, സിനിമാശാലകൾ, അസംബ്ലിഹാളുകൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപം കമ്മ്യൂണിറ്റി ഹാളുകൾ, പ്രദർശനകേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ, ജിംനേഷ്യം, സമ്മേളനഹാളുകൾ- തറ വിസ്തീർണ്ണം 500 ച.മീ. വരെ | ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ. | | |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.2 | **വാണിജ്യ ഉപയോഗ സോൺ** | | | |
| | കടകൾ, ഷോപ്പിംഗ് കോംപ്ലക്സ്, ഷോപ്പിംഗ് മാൾ, മൾട്ടിപ്ലക്സ്, ഹൈപ്പർ മാർക്കറ്റ്, റെസ്റ്റോറന്റ്, ഹോട്ടൽ, മാർക്കറ്റ് | ആരാധനാലയങ്ങൾ | | |
| | പ്രൊഫഷണൽ ഓഫീസുകൾ, വാണിജ്യ ഓഫീസുകൾ/ സ്ഥാപനങ്ങൾ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഐ.ടി സോഫ്റ്റ് വെയർ യൂണിറ്റുകൾ, സിനിമാശാലകൾ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപം, കമ്മ്യൂണിറ്റി ഹാൾ | | | |
| | പബ്ലിക് യൂട്ടിലിറ്റി ബിൽഡിംഗുകൾ | | | |
| | ഗോഡൗൺ/ വെയർ ഹൗസ്/ അപകടരഹിതമായ | ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ | | |

| | | | | |
|---|---|---|---|---|
| | വസ്തുക്കളുടെ സംഭരണം, സ്റ്റാക്കിംഗ്യാർഡ് | | | |
| | ജിംനേഷ്യം, യോഗ സെന്ററുകൾ | | | |
| | കുടിൽ വ്യവസായങ്ങൾ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, ആട്ടോ മൊബൈൽ സർവ്വീസ് സ്റ്റേഷൻ, കോൾഡ് സ്റ്റോറേജ്, തടി മില്ല്, വെയ് ബ്രിഡ്ജ്, പ്രിന്റിംഗ് പ്രസ്സ്, ഐ.ടി ഹാർഡ് വെയർ/ ഇലക്ട്രോണിക് വ്യവസായങ്ങൾ, മാർബിൾ/ഗ്രാനൈറ്റ് സ്റ്റോറേജ്/ കട്ടിംഗ് സെന്റർ. ശല്യരഹിതവും അസഹനീയവുമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1 കാണുക) - തറ വിസ്തീർണ്ണം 300 ച.മീ വരെ. | അറവുശാലകൾ, ഡയറി/ ഡയറിഫാം, പൗൾട്രി ഫാം | | |
| | നിലവിലെ പാർപ്പിടങ്ങളുടെ വിപുലീകരണം, വാസഗൃഹങ്ങൾ, താഴത്തെ നിലകൾ വാണിജ്യ ഉപയോഗത്തിനുള്ള അപ്പാർട്ട്മെന്റുകൾ/ ഫ്ളാറ്റുകൾ, ഹോസ്റ്റൽ, ബോർഡിംഗ് ഹൗസ്, ലോഡ്ജുകൾ, അതിഥി മന്ദിരങ്ങൾ, ആശ്രമം, മഠം, മദ്രസ. | | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |
| | ഡേകെയർ, ക്രഷ്, നഴ്സറി/ കിന്റർ ഗാർട്ടൻ, നിലവിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിപുലീകരണം | | | |
| | ട്രാൻസ്മിഷൻ/ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ, വയർലെസ് സ്റ്റേഷനുകൾ | | | |
| | സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ, ഗ്രന്ഥശാല, വായനശാല, പ്രദർശന കേന്ദ്രം, ആർട്ട് ഗ്യാലറി മ്യൂസിയം, കൺവെൻഷൻ സെന്റർ | | | |
| | ക്ലിനിക്, രോഗ നിർണ്ണയ കേന്ദ്രം, ആശുപത്രികൾ | | | |

| | | | | |
|---|---|---|---|---|
| | - 10 കിടക്കകൾ വരെ | | | |
| | കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ (Tot lots),പാർക്കുകൾ, കളിസ്ഥലങ്ങൾ, മേളകൾക്കുള്ള മൈതാനം, ഓപ്പൺ എയർ തീയേറ്റർ. | | | |
| | പാർക്കിംഗ് പ്ലാസ, ട്രാൻസ്പോർട്ട് ടെർമിനൽ | പ്രവേശന വഴിയുടെ വീതി കുറഞ്ഞത് 18 മീറ്റർ ഉള്ള കണ്ടെയ്നർ ടെർമിനലുകൾ. | | |
| | മാലിന്യ സംസ്ക്കരണ ഉപയോഗങ്ങൾ | | മൾട്ടിപ്ളെക്സ് കോംപ്ലെക്സ് | |
| | **പ്രവേശന വഴിയ്ക്ക് കുറഞ്ഞത് 10 മീറ്റർ നിലവിൽ/നിർദ്ദിഷ്ട വീതി ഉണ്ടെങ്കിൽ** | | | |
| | ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ, | | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |
| | ഔട്ട് ഡോർ ഗെയിംസ് സ്റ്റേഡിയം | | | |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.3 | **സമ്മിശ്ര ഉപയോഗ സോൺ** | | | |
| | നെൽ പാടങ്ങളും/താഴ്ന്ന ഭൂപ്രദേശങ്ങളും, സ്പെഷ്യൽ സോണുകൾ, ജലാശയങ്ങൾ എന്നിവ ഒഴികെ താഴെയുള്ള പ്രദേശങ്ങൾ മാത്രം സമ്മിശ്ര സോൺ ആയി കണക്കാക്കുന്നു. സമ്മിശ്ര ഉപയോഗ സോൺ പരിധി നിർദ്ദിഷ്ട റോഡിന്റെ വീതി അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതാണ്. ഒരു പ്ലോട്ടിന്റെ 75 ശതമാനമോ അതിലധികമോ വിസ്തീർണ്ണം സമ്മിശ്ര ഉപയോഗ സോണിൽ ഉൾപ്പെടുന്നുവെങ്കിൽ പ്രസ്തുത പ്ലോട്ട് പൂർണ്ണമായും ഈ സോണിൽ ഉൾപ്പെടുന്നതായി കണക്കാക്കാം.<br>• SH2- നഗരസഭാ പ്രദേശത്ത് നിർദ്ദിഷ്ട റോഡ് അതിർത്തിയിൽ നിന്നും കിഴക്കു ഭാഗത്തേക്ക് 500m വീതിയിലും, പടിഞ്ഞാറ് വശത്തേക്ക് കിള്ളിയാറിന്റെ നിർമ്മാണരഹിത മേഖല വരെയും<br>• SH45, SH3, SH47- നഗരസഭാ പ്രദേശത്ത്, നിർദ്ദിഷ്ട റോഡ് അതിർത്തിയിൽ നിന്നും 500m വീതിയിൽ<br>• ജില്ലാ റോഡുകൾ - നഗരസഭാ പ്രദേശത്ത് , നിർദ്ദിഷ്ട റോഡ് അതിർത്തിയിൽ നിന്നും 250m വീതിയിൽ (പാളയം ജം. - കൊറളിയോട് റോഡ്, വാളിക്കോട്-വട്ടപ്പാറ റോഡ്, കല്ലിംഗൽ ജം- പുലിപ്പാറ-ആലംകോട് റോഡ്, നെടുമങ്ങാട് ടൗൺ മാർക്കറ്റ്-മഞ്ച-അരുവിക്കര റോഡ്, മുളമുക്ക് - നെട്ട -കല്ലംപാറ ബ്രിഡ്ജ് റോഡ്, പെട്രോൾ ബങ്ക് ജം.-മാർക്കറ്റ് ജം. )<br>• താഴെ കൊടുത്തിട്ടുള്ള നഗരസഭാ റോഡുകളുടെ നിർദ്ദിഷ്ട റോഡ് അതിർത്തിയിൽ നിന്നും 100m വീതിയിൽ<br>1. പഴകുറ്റി-കല്ലിംഗൽ ജം, കല്ലിംഗൽ- മുക്കോലയ്ക്കൽ<br>2. കച്ചേരി ജം. - സൂര്യാ റോഡ്<br>3. മുക്കിൽകട - പൂവത്തൂർ-ചെന്തിപൂർ<br>4. 16-ാം കല്ല് -കാഞ്ഞിരംപാറ | | | |
| | പാർപ്പിട ഉപയോഗ സോൺ, വാണിജ്യ ഉപയോഗ സോൺ , എന്നിവയിൽ അനുവദിനീയമായ എല്ലാ ഉപയോഗങ്ങളും | പാർപ്പിട ഉപയോഗ സോൺ, വാണിജ്യ ഉപയോഗ സോൺ , എന്നിവയിൽ നിയന്ത്രിത ഉപയോഗങ്ങൾ -1 ൽ ഉൾപ്പെടുന്ന ഉപയോഗങ്ങൾ | പാർപ്പിട ഉപയോഗ സോൺ, വാണിജ്യ ഉപയോഗ സോൺ , എന്നിവയിൽ നിയന്ത്രിത ഉപയോഗങ്ങൾ -2 ൽ ഉൾപ്പെടുന്ന ഉപയോഗങ്ങൾ | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.4 | **വ്യാവസായിക ഉപയോഗ സോൺ** | | | |
| | ശല്യരഹിതവും അസഹനീയവുമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1) ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, ആട്ടോ മൊബൈൽ സർവ്വീസ് സ്റ്റേഷൻ, സ്പ്രേ പെയിന്റിംഗ് വർക്ക്ഷോപ്പ്, തടി മില്ല്, ടിംബർ യാഡ്, ഐസ് ഫാക്ടറി, കോൾഡ് സ്റ്റോറേജ്, മത്സ്യ- മാംസ സംസ്കരണ യൂണിറ്റ്, പ്രിന്റിംഗ് പ്രസ്സ്, ജലശുദ്ധീകരണ പ്ലാന്റ്, മാർബിൾ-ഗ്രാനൈറ്റ് സ്റ്റോറേജ്/ കട്ടിംഗ് സെന്റർ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഇൻഡസ്ട്രിയൽ പാർക്ക്, വിവര സാങ്കേതിക വ്യവസായങ്ങൾ. | സ്ഫോടക വസ്തുക്കളുടെയും, കരിമരുന്നുകളുടെയും സംഭരണം, ഗ്യാസ് ഗോഡൗൺ, ക്രഷർ യൂണിറ്റ്.<br><br>ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ | | പ്രത്യേകം സൂചിപ്പിച്ചിട്ടാത്ത മറ്റേതെങ്കിലും ഉപയോഗം |
| | ഗോഡൗൺ/വെയർ ഹൗസ്/ അപകടരഹിതമായ വസ്തുക്കളുടെ സംഭരണം, സ്റ്റാക്കിംഗ്‌യാർഡ്, വെയ് ബ്രിഡ്ജ്. | അറവുശാല,<br><br>നിലവിലെ വ്യവസായിക കെട്ടിടങ്ങളുടെ ഉപയോഗമാറ്റം. | | |
| | ഡയറി, ഡയറിഫാം/ ഡയറിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ, പൗൾട്രി ഫാം, പന്നി ഫാം, പുകപ്പുര. ഡ്രൈക്ലീനിംഗ് പ്ലാന്റ്, പവർപ്ലാന്റ്, സബ്സ്റ്റേഷൻ | ശല്ല്യമുള്ളതും, അസഹനീയവുമായ ഇനം വ്യവസായങ്ങൾ (അനുബന്ധം II) | | |
| | വ്യവസായിക ഉപയോഗവുമായി ബന്ധപ്പെട്ട ഗതാഗത ടെർമിനലുകൾ. | | | |
| | പബ്ലിക് യൂട്ടിലിറ്റി ബിൽഡിംഗുകൾ | | | |
| | ട്രാൻസ്മിഷൻ/ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ, വയർലെസ് | | | |

| | | | | |
|---|---|---|---|---|
| | സ്റ്റേഷനുകൾ | | | |
| | വ്യവസായിക ഉപയോഗവുമായി ബന്ധപ്പെട്ട പാർപ്പിട ഉപയോഗങ്ങളും/ മറ്റ് ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളും. മേൽപ്പറഞ്ഞ പാർപ്പിട ആവശ്യവുമായി ബന്ധപ്പെട്ട കുട്ടികൾക്കായുള്ള കളിസ്ഥലങ്ങൾ (Tot lots) പാർക്കുകൾ, കളിസ്ഥലങ്ങൾ | | | |
| | മാലിന്യ സംസ്കരണ ഉപയോഗങ്ങൾ | | | |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.5 | **പൊതു/ അർദ്ധപൊതു ഉപയോഗ സോൺ** | | | |
| | ലോക്കൽ/ സ്റ്റേറ്റ്/സെൻട്രൽ ഗവൺമെന്റ്/പബ്ലിക് സെക്ടർ ഓഫീസുകൾ, മറ്റ് പൊതു ഉപയോഗങ്ങൾ | ക്രമേഷൻ ഗ്രൗണ്ട്/ ക്രമറ്റോറിയം, ബറിയൽ ഗ്രൗണ്ട്, ശവക്കല്ലറകൾ | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |
| | പൊതു ഉപയോഗങ്ങളുമായി ബന്ധപ്പെട്ട റസിഡൻഷ്യൽ ക്വാർട്ടേഴ്സ് | നിലവിലെ പബ്ലിക്/ സെമി പബ്ലിക് കെട്ടിടങ്ങളുടെ ഉപയോഗമാറ്റം | | |
| | പബ്ലിക് യൂട്ടിലിറ്റി ബിൽഡിംഗുകൾ | | | |
| | നിലവിലെ പബ്ലിക്/ സെമി പബ്ലിക് കെട്ടിടങ്ങളുടെ ഉപയോഗ മാറ്റം വരുത്താതെയുള്ള കൂട്ടിച്ചേർക്കൽ, മാറ്റം വരുത്തൽ | പബ്ലിക് / സെമി പബ്ലിക് ഉപയോഗവുമായി അനുബന്ധപ്പെട്ട മറ്റ് ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങൾ- തറ വിസ്തീർണ്ണം 300 ചതുരശ്ര മീറ്ററിനു മുകളിൽ | | |
| | പബ്ലിക്/ സെമി പബ്ലിക് ഉപയോഗവുമായി അനുബന്ധപ്പെട്ട മറ്റ് ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങൾ - തറ വിസ്തീർണ്ണം 300ച.മീ വരെ. | | | |
| | പാർക്കിംഗ് ഏരിയ | | | |
| | മാലിന്യ സംസ്കരണ ഉപയോഗങ്ങൾ | | | |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.6 | **പാർക്കുകളും , തുറസ്സായ സ്ഥലങ്ങളും** | | | |
| | പാർക്കുകളുടെ വികസനം/ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ആവശ്യമായ നിർമ്മാണം / ഭൂവികസനം എന്നിവ. | | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |
| | കുട്ടികൾക്കായുള്ള കളിസ്ഥലങ്ങൾ, (Tot lots), പാർക്ക്, കളിസ്ഥലം, സ്റ്റേഡിയംതുടങ്ങിയവ. | | | |
| | മാലിന്യ സംസ്ക്കരണ ഉപയോഗങ്ങൾ | | | |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.7 | **കരകൃഷി ഉപയോഗ സോൺ** | | | |
| | കൃഷി, പുഷ്പ ഫലകൃഷി, സോഷ്യൽ ഫോറസ്റ്ററി, മറ്റ് ഇനം കൃഷികൾ | ക്രമേഷൻ ഗ്രൗണ്ട്/ക്രിമറ്റോറിയം, ബറിയൽ ഗ്രൗണ്ട് ശവക്കല്ലറകൾ | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |
| | ഡയറി ഫാം, മത്സ്യഫാം, സീഡ് ഫാം, പൗൾട്രി ഫാം,സസ്യ നഴ്സറി, പമ്പ് ഹൗസ്, കിണറുകൾ, ജലസേചനത്തിനുള്ള കുളങ്ങൾ. | അറവുശാലകൾ | | |
| | വാസഗൃഹങ്ങൾ - തറ വിസ്തീർണ്ണം 300 ച.മീ. | ആരാധനാലയങ്ങൾ | | |
| | മറ്റ് പൊതുസേവന ഉപയോഗങ്ങൾ (ടോയ്ലെറ്റുകൾ, റെസ്റ്റ്/വെയ്റ്റിംഗ് റൂം, മറ്റു സമാന ഉപയോഗങ്ങൾ) | ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ | | |
| | അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ധർമ്മശാലകൾ, ആശ്രമം, മഠം, മദ്രസ. | | | |
| | ക്ലീനിക് (ഔട്ട് പേഷ്യന്റ്) ,രോഗ നിർണ്ണയ കേന്ദ്രങ്ങൾ - തറ വിസ്തീർണ്ണം 300 ച.മീ. വരെ | | | |
| | കടകൾ, പ്രൊഫഷണൽ ഓഫീസുകൾ, വാണിജ്യ ഓഫീസുകളും | | | |

| | | | | |
|---|---|---|---|---|
| | സ്ഥാപനങ്ങളും, ബാങ്കിംഗ്/ ധനകാര്യ സ്ഥാപനങ്ങൾ, റെസ്റ്റോറന്റുകൾ കാന്റീൻ - തറ വിസ്തീർണ്ണം 300 ച.മീ. വരെ. | | | |
| | ജിംനേഷ്യം, യോഗ സെന്ററുകൾ, | | | |
| | ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ, വയർലെസ് സ്റ്റേഷൻ. | | | |
| | ഡേ കെയർ, ക്രഷ്, നഴ്സറി/ കിൻഡർ ഗാർട്ടൻ/പ്രൈമറി, അപ്പർ പ്രൈമറി സ്കൂൾ, ഗ്രന്ഥശാല, വായനശാല. | | | |
| | ഗോഡൗൺ, വെയർ ഹൗസുകൾ, അപകടരഹിതമായ വസ്തുക്കളുടെ സംഭരണം - തറ വിസ്തീർണ്ണം 300 ച.മീ വരെ | ശല്യരഹിതവും അസഹനീയവുമല്ലാത്ത വ്യവസായങ്ങൾ (അനുബന്ധം 1) ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, ആട്ടോ മൊബൈൽ സർവ്വീസ് സ്റ്റേഷൻ, സ്പ്രേ പെയിന്റിംഗ് വർക്ക്ഷോപ്പ്, ടിംബർ യാഡ്, ഐസ് ഫാക്ടറി, കോൾഡ് സ്റ്റോറേജ്, മത്സ്യ-മാംസ സംസ്കരണ യൂണിറ്റ്, പ്രിന്റിംഗ് പ്രസ്സ്, ജലശുദ്ധീകരണ പ്ലാന്റ്, മാർബിൾ-ഗ്രാനൈറ്റ് സ്റ്റോറേജ്/ കട്ടിംഗ് സെന്റർ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഇൻഡസ്ട്രിയൽ പാർക്ക്, വിവര സാങ്കേതിക വ്യവസായങ്ങൾ. | | |
| | കുട്ടികൾക്കായുള്ള കളിസ്ഥലങ്ങൾ (Tot lots), പാർക്ക്, കളിസ്ഥലങ്ങൾ, | | | |
| | തടിമില്ലുകൾ, വെയ് ബ്രിഡ്ജ്. മാലിന്യ സംസ്ക്കരണ ഉപയോഗങ്ങൾ | | | |
| **പ്രവേശന വഴിയ്ക്ക് കുറഞ്ഞത് 8 മീറ്റർ നിലവിൽ/നിർദ്ദിഷ്ട വീതി ഉണ്ടെങ്കിൽ** | | | | |
| | ക്ലിനിക് (ഔട്ട് പേഷ്യന്റ്),രോഗ നിർണ്ണയ കേന്ദ്രങ്ങൾ - | സ്ഫോടക വസ്തുക്കളുടെയും, കരിമരുന്നുകളുടെ യും സംഭരണം, ഗ്യാസ് | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാ |

| | | | | |
|---|---|---|---|---|
| | തറ വിസ്തീർണ്ണം 500 ച.മീ. വരെ | ഗോഡൗൺ | | ത്ത മറ്റേതെങ്കിലും ഉപയോഗം |
| | കടകൾ, പ്രൊഫഷണൽ ഓഫീസുകൾ, വാണിജ്യ ഓഫീസുകളും സ്ഥാപനങ്ങളും ബാങ്കിംഗ്/ ധനകാര്യ സ്ഥാപനങ്ങൾ, റെസ്റ്റോറന്റുകൾ, കാന്റീൻ – തറ വിസ്തീർണ്ണം 500 ച.മീ. വരെ. | | | |
| | ഗോഡൗൺ, വെയർ ഹൗസുകൾ, അപകടരഹിതമായ വസ്തുക്കളുടെ സംഭരണം – തറ വിസ്തീർണ്ണം 500 ച.മീ വരെ | ശല്ല്യമുള്ളതും, അസഹനീയവുമായ ഇനം വ്യവസായങ്ങൾ (അനുബന്ധം II) | | |
| | ആഡിറ്റോറിയം, കല്ല്യാണമണ്ഡപം, കമ്മ്യൂണിറ്റിഹാൾ - തറ വിസ്തീർണ്ണം 1000 ച.മീ വരെ. | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ | | |
| | ആരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ | | | |
| | വാസഗൃഹങ്ങൾ, അപ്പാർട്ട്മെന്റുകൾ | | | |

| ഖണ്ഡിക നമ്പർ | നിയന്ത്രണങ്ങൾ |
|---|---|
| 20.8 | **പൈതൃക സോൺ** (വിശദമായ സ്കെച്ച് നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) |
| | സർക്കാർ രൂപീകരിച്ച ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ കീഴിലുള്ള സബ് കമ്മിറ്റിയുടെ രേഖാമൂലമായ ശുപാർശയുടെ അടിസ്ഥാനത്തിൽ പൈതൃക സോണിൽ വികസനമോ, പുനർ വികസനമോ, നിർമ്മാണങ്ങളോ അനുവദിക്കാവുന്നതാണ്.<br><br>കൂടാതെ, പൈതൃക സോണിന്റെ അതിർത്തിയിൽ നിന്നും 10 മീറ്റർ ചുറ്റളവിൽ നിർമ്മാണരഹിത മേഖലയായിരിക്കും. ഈ മേഖലയിൽ നിലവിലുള്ള കെട്ടിടങ്ങൾക്കുള്ള അറ്റകുറ്റപ്പണികൾ, കൂട്ടിച്ചേർക്കൽ, മാറ്റം വരുത്തൽ എന്നിവ ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതിയോടു കൂടി ആയിരിക്കണം.<br><br>കൂടാതെ, കൊട്ടാരവളപ്പിന്റെ കിഴക്ക് വശത്തെ പ്രധാന പ്രവേശന മാർഗ്ഗത്തിന്റെ ഇരു വശവും (കനാലിൽ നിന്ന് കൊട്ടാരവളപ്പു വരെ) 10 മീറ്റർ വീതിയിൽ നിയന്ത്രിത മേഖലയായിരിക്കും. ഈ മേഖലയിൽ ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതിയോടു കൂടി പരമാവധി 4.5 മീറ്റർ ഉയരത്തിൽ ഒറ്റ നില കെട്ടിടം നിർമ്മിക്കാവുന്നതാണ്. |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.9 | **ഗതാഗത സോൺ** | | | |
| | ഗതാഗത ടെർമിനലുകളും, മറ്റ് അനുബന്ധ നിർമ്മാണങ്ങളും. | ഇന്ധനം നിറയ്ക്കുന്ന പമ്പുകൾ | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |
| | ഗതാഗത ടെർമിനലുമായി ബന്ധപ്പെട്ട ഷോപ്പുകൾ/റെസ്റ്റോറെന്റുകൾ/ കാന്റീൻ | | | |
| | മറ്റ് പൊതുസേവന ഉപയോഗങ്ങൾ (ടോയ്ലെറ്റുകൾ, റെസ്റ്റ്/വെയ്റ്റിംഗ് റൂം, മറ്റു സമാന ഉപയോഗങ്ങൾ) | | | |
| | ഗതാഗത ടെർമിനലുമായി ബന്ധപ്പെട്ട സ്റ്റാഫ് ക്വാർട്ടേഴ്സ്, ഓഫീസ്, അതിഥി മന്ദിരങ്ങൾ. | | | |
| | ട്രാൻസ്മിഷൻ ടവർ, വയർലെസ് സ്റ്റേഷൻ. | | | |
| | പാർക്കിംഗ് പ്ലാസ, പാർക്കിംഗ് ഏരിയ ഓട്ടോ/ടാക്സി/ജീപ്പ് സ്റ്റാൻഡ് | | | |
| | മാലിന്യ സംസ്ക്കരണ ഉപയോഗങ്ങൾ | | | |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.10 | **നെൽ പാടങ്ങൾ /താഴ്ന്ന ഭൂപ്രദേശങ്ങൾ** | | | |
| | നെൽ കൃഷി, മറ്റ് ഇനം കൃഷി, പുഷ്പ ഫലകൃഷി, മത്സ്യഫാം/സീഡ്ഫാം/ പമ്പ് ഹൗസ്/കിണറുകൾ, ജലസേചനത്തിനുള്ള കുളങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം അനുവദനീയമായ നിർമ്മാണം/ ഭൂവികസനം | പ്രദേശത്തിന്റെ സ്വഭാവത്തെ ബാധിക്കാത്ത രീതിയിലുള്ള ചെറുകിട പൊതുഉപയോഗ പ്രദേശങ്ങളും കെട്ടിടങ്ങളും. | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം |

| ഖണ്ഡിക നമ്പർ | നിയന്ത്രണങ്ങൾ |
|---|---|
| 20.11 | **ജലാശയങ്ങൾ** |
| | പട്ടണ പ്രദേശത്തെ എല്ലാ പ്രകൃതിദത്ത ജലാശയങ്ങളുടെയും പരിപൂർണ്ണ സംരക്ഷണം |
| | 1. കിള്ളി ആറിന്റെ ഇരുവശങ്ങളിൽ നിന്നും 5മീ.<br>2. ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള മറ്റെല്ലാ തോടുകളുടേയും കനാലുകളുടേയുംഇരുവശങ്ങളിൽ നിന്നും 2മീ.<br><br>മേൽപ്പറഞ്ഞ പ്രദേശങ്ങളെ നിർമ്മാണ രഹിത മേഖലയായി നിർദ്ദേശിക്കുന്നു. |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ |
|---|---|
| 20.12 | **ക്വാറിപ്രദേശം** |
| | നിയമാനുസൃതമായ ഖനനം |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.13 | **ശ്മശാനം / ബറിയൽ ഗ്രൗണ്ട്** | | | |
| | ശ്മശാനം / ബറിയൽ ഗ്രൗണ്ട്, ഉപയോഗങ്ങൾ,കോമൺ വാൾട്ട് അനുബന്ധ ഉപയോഗങ്ങൾ | | നിലവിലെ ശ്മശാനത്തിന്റെ ഉപയോഗ മാറ്റം | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം. |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.14 | **നിർദ്ദിഷ്ട റോക്ക് - ക്വാറി ടൂറിസം സോൺ (Proposed Rock quarry tourism zone)**<br>*(എസ്.യു.ടി മെഡിക്കൽ കോളേജിനുസമീപം നിർദ്ദേശിച്ചിരിക്കുന്നു. വിസ്തൃതി- 16.5 ഏക്കർ; നെടുമങ്ങാട്വില്ലേജ്, ബ്ലോക്ക് 35, സർവ്വെ നം. 326(പാർട്ട്), 340(പാർട്ട്), 341 (പാർട്ട്) ), 350 (പാർട്ട്) )* | | | |
| | ആസൂത്രിത ഗ്രീൻ സ്പെയ്സ്/വാക്ക് വേ/റിക്രിയേഷണൽ സ്പേയ്സ്/ക്വാറി പാർക്ക്, സാഹസിക വിനോദ സംവിധാനങ്ങൾ, റോപ് വേ, വാച്ച് ടവർ, വ്യൂവിംഗ് ഗ്യാലറി, ഓപ്പൺ എയർ ഓഡിറ്റോറിയം, റോക്ക് ഗാർഡൻ മറ്റ് അനുബന്ധ ഉപയോഗങ്ങൾ. | | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം. |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.15 | **നിർദ്ദിഷ്ട കൺവൻഷൻ സെന്റർ (Proposed Convention centre)**<br>*സ്ഥാനം: കണ്ണറംകോട്ടുള്ള മുനിസിപ്പൽ ഭൂമിയിൽ നിർദ്ദേശിച്ചിരിക്കുന്നു.*<br>*വിസ്തൃതി- 0.99 ഏക്കർ;*<br>*സർവ്വെ നം.: കരിപ്പൂർ വില്ലേജ്, 36 ബ്ലോക്കിൽ, സർവ്വേ നമ്പർ 727/1,727/25,731/9,731/10,731/11* | | | |
| | ഇൻഡോർ സ്റ്റേഡിയം, കൺവെൻഷൻ സെന്റർ, മറ്റ് അനുബന്ധ ഉപയോഗങ്ങൾ. ലോക്കൽ/ സ്റ്റേറ്റ്/സെൻട്രൽ ഗവൺമെന്റ്/പബ്ലിക് സെക്ടർ ഓഫീസുകൾ, മറ്റ് പൊതു ഉപയോഗങ്ങൾ | | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം. |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ | നിയന്ത്രിത ഉപയോഗങ്ങൾ-1 | നിയന്ത്രിത ഉപയോഗങ്ങൾ-2 | നിരോധിത ഉപയോഗങ്ങൾ |
|---|---|---|---|---|
| 20.16 | **നിർദ്ദിഷ്ട സിവിൽ സ്റ്റേഷൻ(Proposed Civil Station)**<br>*(നിലവിലെ വിഐപി ഗ്രൗണ്ടിൽ നിർദ്ദേശിച്ചിരിക്കുന്നു. വിസ്തൃതി- 7.58 ഏക്കർ; നെടുമങ്ങാട് വില്ലേജ്, ബ്ലോക്ക് 36, സർവ്വെ നം.436 (പാർട്ട്), 437 (പാർട്ട്), 438 (പാർട്ട്))* | | | |
| | ഫയർ സ്റ്റേഷൻ, എക്സൈസ് ഓഫീസ്, കോടതി, ഇറിഗേഷൻ വകുപ്പ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ, എൻജിഒ ക്വാർട്ടേഴ്സ്, പോലീസ് ക്വാർട്ടേഴ്സ്, നിലവിലെ ക്വാർട്ടേഴ്സ്എന്നീ പാർപ്പിട ഉപയോഗങ്ങൾ, മറ്റു അനുബന്ധ ഉപയോഗങ്ങൾ, മറ്റ് പൊതു ഉപയോഗങ്ങൾ | | | പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഉപയോഗം. |

| ഖണ്ഡിക നമ്പർ | **സ്പെഷ്യൽ സോണുകൾ** |
|---|---|
| 20.17 | **സ്പെഷ്യൽ സോണുകളിലെ നിർമ്മാണ പ്രവർത്തനം/ ഭൂവികസനം സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.** |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ |
|---|---|
| 20.17.1 | **സ്പെഷ്യൽ സോൺ I – ആസൂത്രിത വികസന സോൺ**<br>*മൊബിലിറ്റി ഹബ്ബ് / ജില്ലാ ആശുപത്രി വികസനം*<br>*മുനിസിപ്പൽ പാർക്കിംഗിനോടു ചേർന്നും ജില്ലാ ആശുപത്രിയുടെ പിറകിലുമായുള്ള ഭൂമി*<br>*വിസ്തൃതി- 2.85 ഏക്കർ;*<br>*സർവ്വെ നം.: നെടുമങ്ങാട് വില്ലേജ്, ബ്ലോക്ക് 36, സർവ്വെ നം. 574 (പാർട്ട്)* |
| | ബസ് സ്റ്റേഷൻ, ഓട്ടോ/ടാക്സി സ്റ്റാൻഡ്, എക്സിബിഷൻ ഹാളുകൾ, വാണിജ്യ സമുച്ചയം, പബ്ലിക് ഓഫീസുകൾ, ഗസ്റ്റ് ഹൗസ് ഉൾപ്പെടെയുള്ള കൺവെൻഷൻ സെന്റർ,മറ്റ് അനുബന്ധ ഉപയോഗങ്ങൾ. ജില്ലാ ആശുപത്രിയുടെ വികസനത്തിനായുള്ള നിർമ്മാണ ഉപയോഗങ്ങൾ, മറ്റ് അനുബന്ധ ഉപയോഗങ്ങൾ. |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ |
|---|---|
| 20.17.2 | **സ്പെഷ്യൽ സോൺ II–പ്രാദേശിക കായിക കേന്ദ്രം**<br>*10-ാം കല്ലിനു സമീപം നിർദ്ദേശിച്ചിരിക്കുന്നു. വിസ്തൃതി- 4.38 ഏക്കർ;–നെടുമങ്ങാട് വില്ലേജ്, ബ്ലോക്ക് 36, സർവ്വെ നം. 343, 350(പാർട്ട്)* |
| | സ്റ്റേഡിയം (ഇൻഡോർ, ഔട്ട്ഡോർ), കളിസ്ഥലങ്ങൾ, അനുബന്ധ പാർപ്പിട ഉപയോഗങ്ങൾ (ക്വാർട്ടേഴ്സ്, ഹോസ്റ്റൽ എന്നിവ), മറ്റ് അനുബന്ധ ഉപയോഗങ്ങൾ |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ |
|---|---|
| 20.17.3 | **സ്പെഷ്യൽ സോൺ III**-വ്യവസായഏരിയ<br>*നിലവിലെ കുശർകോട് വ്യവസായ പാർക്ക് ഉൾപ്പെടുന്ന പ്രദേശത്തു നിർദ്ദേശിച്ചിരിക്കുന്നു. വിസ്തൃതി- 1.9 ഏക്കർ; നെടുമങ്ങാട് വില്ലേജ്, ബ്ലോക്ക് 35, സർവ്വെ നം. 136(പാർട്ട്)* |
| | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഇൻഡസ്ട്രിയൽ പാർക്ക്, വിവര സാങ്കേതിക വ്യവസായങ്ങൾ, ആഗ്രോ ഇൻഡസ്ട്രീസ് തുടങ്ങിയ എല്ലാ വ്യവസായ സംരംഭങ്ങളും, (അനുബന്ധം 1- ലും 2- ലും പെടുന്ന എല്ലാ വ്യവസായങ്ങളും) ഗോഡൗൺ/വെയർ ഹൗസ്/ സ്റ്റാക്കിംഗ്യാർഡ്;വ്യവസായിക ഉപയോഗവുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ഉപയോഗങ്ങൾ |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ |
|---|---|
| 20.17.4 | **സ്പെഷ്യൽ സോൺ IV- മത്സ്യ വിപണന കേന്ദ്രം**<br>*നിലവിലെ ഇരിഞ്ചയം മാർക്കറ്റ് പ്രദേശത്തു നിർദ്ദേശിച്ചിരിക്കുന്നു. വിസ്തൃതി- 1.12 ഏക്കർ; നെടുമങ്ങാട് വില്ലേജ്, ബ്ലോക്ക് 35, സർവ്വെ നം.47 (പാർട്ട്)* |
| | മൊത്തവ്യാപാര മത്സ്യ വിപണന ഉപയോഗങ്ങൾ, ഐസ് ഫാക്ടറി, കോൾഡ് സ്റ്റോറേജ്, മത്സ്യ സംസ്കരണ കേന്ദ്രം, ഗോഡൗൺ/വെയർ ഹൗസ്/ അപകടരഹിതമായ വസ്തുക്കളുടെ സംഭരണം; മറ്റു അനുബന്ധ ഉപയോഗങ്ങളും |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ |
|---|---|
| 20.17.5 | **സ്പെഷ്യൽ സോൺ V**-നിർദ്ദിഷ്ട ആയുർവേദ ആശുപത്രി<br>*(പഴകുറ്റി-കല്ലിംഗൽ റോഡിനോട് ചേർന്ന് നിർദ്ദേശിച്ചിരിക്കുന്നു. വിസ്തൃതി- 0.38 ഏക്കർ; നെടുമങ്ങാട് വില്ലേജ്, ബ്ലോക്ക് 36, സർവ്വെ നം.601 (പാർട്ട്)* |
| | നിർദ്ദിഷ്ട ആയുർവേദ ആശുപത്രി; മറ്റു അനുബന്ധ ഉപയോഗങ്ങൾ |

| ഖണ്ഡിക നമ്പർ | അനുവദനീയമായ ഉപയോഗങ്ങൾ |
|---|---|
| 20.17.6 | **സ്പെഷ്യൽ സോൺ VI**-നിർദ്ദിഷ്ടപാർക്ക്<br>*1. ടൗൺ പാർക്ക് - നിലവിലെ മുനിസിപ്പൽ ടൗൺ ഹാളിനു സമീപം; വിസ്തൃതി- 3.28 ഏക്കർ; നെടുമങ്ങാട് വില്ലേജ് ബ്ലോക്ക് നം. 36, സർവ്വെ നം.776(പാർട്ട്), 779 (പാർട്ട്), 780 (പാർട്ട്)* |
| | പാർക്കുകളുടെ വികസനം/ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ആവശ്യമായ നിർമ്മാണം / ഭൂവികസനം എന്നിവ; മേളകൾക്കുള്ള മൈതാനങ്ങൾ, ഓപ്പൺ എയർ തീയേറ്റർ; കുട്ടികൾക്കായുള്ള കളിസ്ഥലങ്ങൾ (Tot lots),പാർക്ക്, കളിസ്ഥലം, നീന്തൽകുളം, സുവോളജിക്കൽ/ ബൊട്ടാണിക്കൽ ഗാർഡൻ, പക്ഷി സങ്കേതം തുടങ്ങിയവ; മറ്റു അനുബന്ധ ഉപയോഗങ്ങൾ |

## 30. അനെക്സ്

This listing is derived from the Central Pollution Control Board categorization of industries. Uses of similar nature which are not included in the list may be permitted with the concurrence of the Chief Town Planner concerned.

**ANNEX 1**

**List of non-obnoxious and non nuisance type of industries**

| | |
|---|---|
| 1 | Assembly of air coolers /conditioners ,repairing and servicing |
| 2 | Assembly of bicycles ,baby carriages and other small non motorizing vehicles |
| 3 | Bailing (hydraulic press)of waste papers |
| 4 | Bio fertilizer and bio-pesticides without using inorganic chemicals |
| 5 | Biscuits trays etc from rolled PVC sheet (using automatic vacuum forming machines) |
| 6 | Blending and packing of tea |
| 7 | Block making of printing without foundry (excluding wooden block making) |
| 8 | Chalk making from plaster of Paris ( only casting without boilers etc. ( sun drying / electrical oven) |
| 9 | Compressed oxygen gas from crude liquid oxygen ( without use of any solvents and by maintaining pressure & temperature only for separation of other gases) |
| 10 | Cotton and woolen hosiers making ( Dry process only without any dying / washing operation) |
| 11 | Diesel pump repairing and servicing ( complete mechanical dry process) |
| 12 | Electric lamp ( bulb) and CFL manufacturing by assembling only |
| 13 | Electrical and electronic item assembling ( completely dry process) |
| 14 | Engineering and fabrication units (dry process without any heat treatment /metal surface finishing operations / painting) |
| 15 | Flavoured betel nuts production/ grinding ( completely dry mechanical operations) |
| 16 | Fly ash bricks/ block manufacturing |
| 17 | Fountain pen manufacturing by assembling only |
| 18 | Glass ampules and vials making from glass tubes |
| 19 | Glass putty and sealant ( by mixing with machine only) |
| 20 | Ground nut decorticating |
| 21 | Handloom/ carpet weaving ( without dying and bleaching operation) |
| 22 | Leather cutting and stitching (more than 10 machine and using motor) |
| 23 | Manufacturing of coir items from coconut husks |
| 24 | Manufacturing of metal caps containers etc |
| 25 | Manufacturing of shoe brush and wire brush |
| 26 | Medical oxygen |
| 27 | Organic and inorganic nutrients ( by physical mixing) |
| 28 | Organic manure (manual mixing) |
| 29 | Packing of powdered milk |
| 30 | Paper pins and u clips |
| 31 | Repairing of electric motors and generators ( dry mechanical process) |
| 32 | Rope (plastic and cotton) |
| 33 | Scientific and mathematical instrument manufacturing |
| 34 | Solar module non conventional energy apparatus manufacturing unit |
| 35 | Solar power generation through solar photovoltaic cell, wind power and mini hydel power (less than 25 MW) |
| 36 | Surgical and medical products assembling only (not involving effluent / emission generating processes) |
| 37 | Aluminium utensils from aluminium circles by pressing only (dry mechanical operation) |
| 38 | Ayurvedic and homeopathic medicines (without boiler) |
| 39 | Bakery /confectionery /sweets products |

| | |
|---|---|
| 40 | Bi-axially oriented PP film along with metalizing operations |
| 41 | Biomass briquettes (sun drying) without using toxic hazardous wastes |
| 42 | Blending of melamine resins & different powder, additives by physical mixing |
| 43 | Brass and bell metal utensils manufacturing from circles(dry mechanical operation without re-rolling facility) |
| 44 | Candy |
| 45 | Cardboard or corrugated box and paper products (excluding paper or pulp manufacturing and without using boilers) |
| 46 | Carpentry & wooden furniture manufacturing (excluding saw mill) with the help of electrical (motorized) machines such as electrical wood planner, steel saw cutting circular blade, etc. |
| 47 | Cement products (without using asbestos / boiler / steam curing) like pipe ,pillar, jafri, well ring, block/tiles etc.(should be done in closed covered shed to control fugitive emissions) |
| 48 | Ceramic colour manufacturing by mixing & blending only (not using boiler and wastewater recycling process) |
| 49 | Chilling plant, cold storage and ice making |
| 50 | Coke briquetting ( sun drying) |
| 51 | Cotton spinning and weaving (small scale) |
| 52 | Dal Mills |
| 53 | Decoration of ceramic cups and plates by electric furnace |
| 54 | Digital printing on PVC clothes |
| 55 | Facility of handling, storage and transportation of food grains in bulk |
| 56 | Flour mills (dry process) |
| 57 | Glass , ceramic, earthen potteries, tile and tile manufacturing using electrical kiln or not involving fossil fuel kiln |
| 58 | Glue from starch (physical mixing) with gas /electrically operated oven /boiler. |
| 59 | Gold and silver smithy (purification with acid smelting operation and sulphuric acid polishing operation) (using less or equal to 1 litre of sulphuric acid/ nitric acid per month) |
| 60 | Heat treatment with any of the new technology like ultrasound probe , induction hardening , ionization beam, gas carburizing etc. |
| 61 | Insulation and other coated papers (excluding paper or pipe manufacturing) |
| 62 | Leather foot wear and leather products (excluding tanning and hide processing except cottage scale) |
| 63 | Lubricating oil, greases or petroleum based products (only blending at normal temperature) |
| 64 | Manufacturing of pasted veneers using gas fired boiler or thermic fluid heater and by sun drying |
| 65 | Oil mill Ghani and extraction ( no hydrogenation / refining) |
| 66 | Packing materials manufacturing from non asbestos fibre, vegetable fibre yarn |
| 67 | Phenyl/toilet cleaner formulation and bottling |
| 68 | Polythene and plastic processed products manufacturing (virgin plastic) |
| 69 | Poultry, Hatchery and Piggery |
| 70 | Power looms (without dye and bleaching) |
| 71 | Puffed rice (muri) (using gas or electrical heating system) |
| 72 | Pulverization of bamboo and scrap wood |
| 73 | Ready mix cement concrete |
| 74 | Reprocessing of waste cotton |
| 75 | Rice mill (Rice hullers only) |
| 76 | Rolling mill ( gas fired) and cold rolling mill |
| 77 | Rubber goods industry (with gas operated baby boiler) |
| 78 | Saw mills |
| 79 | Soap manufacturing (hand made without steam boiling / boiler) |
| 80 | Spice grinding (>20 hp motor) |
| 81 | Steel furniture without spray painting |
| 82 | Steeping and processing of grains |
| 83 | Tyres and tube retreating (without boilers) |
| 84 | Chilling plant and ice making without using ammonia |
| 85 | $CO_2$ recovery |
| 86 | Distilled water ( without boiler) with electricity as source of heat |

| | |
|---|---|
| 87 | Manufacturing of optical lenses (using electrical furnace) |
| 88 | Mineralized water |
| 89 | Tamarind powder manufacturing |
| 90 | Cutting, sizing and polishing of marble stone |
| 91 | Emery powder ( fine dust of sand) manufacturing |
| 92 | Flyash export, transport & disposal facilities |
| 93 | Mineral stack yard / Railway sidings |
| 94 | Oil and gas transportation pipeline |
| 95 | Seasoning of wood in steam heated chamber |
| 96 | Synthetic detergent formulation |
| 97 | Tea processing ( with boiler) |
| 98 | Food and food processing including fruits and vegetable processing |
| 99 | Jute processing without dyeing |
| 100 | Synthetic detergents and soaps(excluding formulation) |
| 101 | Cotton spinning and weaving ( medium and large scale) |
| 102 | Almirah, Grill Manufacturing (Dry Mechanical Process ) |
| 103 | Automobile servicing, repairing and painting (excluding only fuel dispensing) |
| 104 | Ayurvedic and homeopathic medicine |
| 105 | Dairy and dairy products |
| 106 | Fermentation industry including manufacture of yeast, beer, distillation of alcohol (Extra Neutral Alcohol) |
| 107 | Ice cream |
| 108 | Industry or processes involving foundry operations |
| 109 | Modular wooden furniture from particle board, MDF< swan timber etc, Ceiling tiles/ partition board from saw dust, wood chips etc., and other agricultural waste using synthetic adhesive resin, wooden box making ( With boiler) |
| 110 | Non-alcoholic beverages(soft drink) & bottling of alcohol/non alcoholic products |
| 111 | Paint blending and mixing (Ball mill) |
| 112 | Printing press |
| 113 | Cashew nut processing |
| 114 | Coffee seed processing |

## ANNEX 2

## List of obnoxious and nuisance type of industries

| | |
|---|---|
| 1 | Dismantling of rolling stocks ( wagons/coaches) |
| 2 | Chanachur and ladoo from puffed and beaten rice( muri and shira) using husk fired oven |
| 3 | Coated electrode manufacturing |
| 4 | Compact disc computer floppy and cassette manufacturing / Reel manufacturing |
| 5 | Flakes from rejected PET bottle |
| 6 | Manufacturing of silica gel |
| 7 | Manufacturing of tooth powder, toothpaste, talcum powder and other cosmetic items |
| 8 | Printing or etching of glass sheet using hydrofluoric acid |
| 9 | Silk screen printing, sari printing by wooden blocks |
| 10 | Thermometer manufacturing |
| 11 | Aluminium & copper extraction from scrap using oil fired furnace (dry process only) |
| 12 | Brickfields ( excluding fly ash brick manufacturing using lime process) |
| 13 | Ceramics and Refractories |
| 14 | Coal washeries |
| 15 | Dry coal processing, mineral processing, industries involving ore sintering, pelletisating, grinding & pulverization |
| 16 | Ferrous and Non- ferrous metal extraction involving different furnaces through melting, refining, re-processing, casting and alloymaking |
| 17 | Fertilizer (granulation / formulation /blending only) |

| | |
|---|---|
| 18 | Fish feed, poultry feed and cattle feed |
| 19 | Fish processing and packing (excluding chilling of fishes) |
| 20 | Forging of ferrous and non – ferrous metals ( using oil and gas fired furnaces) |
| 21 | Formulation/pelletization of camphor tablets, naphthalene balls from camphor/ naphthalene powders. |
| 22 | Glass ceramics, earthen potteries and tile manufacturing using oil and gas fired kilns, coating on glasses using cerium fluorides and magnesium fluoride etc. |
| 23 | Gravure printing, digital printing on flex, vinyl |
| 24 | Heat treatment using oil fired furnace ( without cyaniding) |
| 25 | Hot mix plants |
| 26 | Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 – Items namely - Paint and ink Sludge/residues |
| 27 | Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 - Items namely - Brass Dross ,, Copper Dross,, Copper Oxide Mill Scale,, Copper Reverts, Cake & Residues,, Waste Copper and copper alloys in dispersible form,, Slags from copper processing for further processing or refining ,, Insulated Copper Wire,, Scrap/copper with PVC sheathing including ISRI-code material namely "Druid" ,, Jelly filled Copper cables ,, Zinc Dross-Hot dip Galvanizers SLAB,, Zinc Dross-Bottom Dross,, Zinc ash/Skimming arising from galvanizing and die casting operations,,Zinc ash/Skimming/other zinc bearing wastes arising from smelting and refining,, Zinc ash and residues including zinc alloy residues in dispersible from ,, |
| 28 | Lime manufacturing (using lime kiln) |
| 29 | Liquid floor cleaner, black phenyl, liquid soap, glycerol mono-stearate manufacturing |
| 30 | Manufacturing of glass |
| 31 | Manufacturing of iodized salt from crude/ raw salt |
| 32 | Manufacturing of mirror from sheet glass |
| 33 | Manufacturing of mosquito repellent coil |
| 34 | Manufacturing of Starch/Sago |
| 35 | Mechanized laundry using oil fired boiler |
| 36 | Paints and varnishes (mixing and blending) |
| 37 | Ply-board manufacturing( including Veneer and laminate) with oil fired boiler/ thermic fluid heater(without resin plant) |
| 38 | Potable alcohol ( IMFL) by blending, bottling of alcohol products |
| 39 | Printing ink manufacturing |
| 40 | Reprocessing of waste plastic including PVC |
| 41 | Rolling mill (oil or coal fired) and cold rolling mill |
| 42 | Spray painting, paint baking, paint shipping |
| 43 | Steel and steel products using various furnaces like blast furnace /open hearth furnace/induction furnace/arc furnace/submerged arc furnace /basic oxygen furnace /hot rolling reheated furnace |
| 44 | Stone crushers |
| 45 | Surgical and medical products including prophylactics and latex |
| 46 | Tephlon based products |
| 47 | Thermocol manufacturing ( with boiler) |
| 48 | Tobacco products including cigarettes and tobacco/opium processes |
| 49 | Transformer repairing/ manufacturing ( dry process only) |
| 50 | Tyres and tubes vulcanization/ hot retreating |
| 51 | Vegetable oil manufacturing including solvent extraction and refinery /hydrogenated oils |
| 52 | Wire drawing and wire netting |
| 53 | Dry cell battery ( excluding manufacturing of electrodes) and assembling & charging of acid lead battery on micro scale |
| 53 | Pharmaceutical formulation and for R & D purpose ( For sustained release/ extended release of drugs only and not for commercial purpose) |
| 54 | Synthetic resins |
| 55 | Synthetic rubber excluding molding |
| 56 | Parboiled Rice Mills |
| 57 | Foam manufacturing |

| | |
|---|---|
| 58 | Industries engaged in recycling / reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 – Items namely - Used Oil – As per specifications prescribed from time to time. |
| 59 | Industries engaged in recycling / reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 – Items namely - Waste Oil ---As per specifications prescribed from time to time. |
| 60 | Producer gas plant using conventional up drift coal gasification ( linked to rolling mills glass and ceramic industry refectories for dedicated fuel supply) |
| 61 | Isolated storage of hazardous chemicals (as per schedule of manufacturing, storage of hazardous chemicals rules ,1989 as amended) |
| 62 | Automobile Manufacturing (integrated facilities) |
| 63 | Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 - Items namely - Spent cleared metal catalyst containing copper,, Spent cleared metal catalyst containing zinc,, |
| 64 | Manufacturing of lubricating oils ,grease and petroleum based products |
| 65 | Industrial carbon including electrodes and graphite blocks, activated carbon, carbon black |
| 66 | Lead acid battery manufacturing(excluding assembling and charging of lead acid battery in micro scale) |
| 67 | Phosphate rock processing plant |
| 68 | Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 - Items namely - Spent catalyst containing nickel, cadmium, Zinc, copper, arsenic, vanadium and cobalt, |
| 69 | Processes involving chlorinated hydrocarbo |
| 70 | Sugar ( excluding Khandsari) |
| 71 | Fibre glass production and processing (excluding moulding) |
| 72 | Fire crackers manufacturing and bulk storage facilities |
| 73 | Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 - Items namely - Dismantlers Recycling Plants -- Components of waste electrical and electronic assembles comprising accumulators and other batteries included on list A, mercury-switches, activated glass cullets from cathode-ray tubes and other activated glass and PCB-capacitors, or any other component contaminated with Schedule 2 constituents (e.g. cadmium, mercury, lead, polychlorinated biphenyl) to an extent that they exhibit hazard characteristics indicated in part C of this Schedule. |
| 74 | Milk processes and dairy products(integrated project) |
| 75 | Phosphorous and its compounds |
| 76 | Pulp & Paper ( waste paper based without bleaching process to manufacture Kraft paper) |
| 77 | Coke making , liquefaction, coal tar distillation or fuel gas making |
| 78 | Manufacturing of explosives, detonators, fuses including management and handling activities |
| 79 | Manufacturing of paints varnishes, pigments and intermediate (excluding blending/mixing |
| 80 | Organic Chemicals manufacturing |
| 81 | Asbestos and asbestos based industries |
| 82 | Basic chemicals and electro chemicals and its derivatives including manufacturing of acid |
| 83 | Cement |
| 84 | Chlorates, per-chlorates & peroxides |
| 85 | Chlorine, fluorine, bromine, iodine and their compounds |
| 86 | Dyes and Dye- Intermediates |
| 87 | Industries engaged in recycling /reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 - Items namely - Lead acid battery plates and other lead scrap/ashes/residues not covered under Batteries (Management and Handling) Rules, 2001. [ * Battery scrap, namely: Lead battery plates covered by ISRI, Code word “Rails” Battery lugs covered by ISRI, Code word “Rakes”. Scrap drained/dry while intact, lead batteries covered by ISRI, Code word “rains”. |
| 88 | Industries engaged in recycling / reprocessing/ recovery/reuse of Hazardous Waste under schedule iv of HW( M, H& TBM) rules, 2008 - Items namely - Integrated Recycling Plants -- Components of waste electrical and electronic assembles comprising accumulators and other |

| | |
|---|---|
| | batteries included on list A, mercuryswitches, activated glass cullets from cathode -ray tubes and other activated glass and PCB-capacitors, or any other component contaminated with Schedule 2 constituents (e.g. cadmium, mercury, lead, polychlorinated biphenyl) to an extent that they exhibit hazard characteristics indicated in part C of this Schedule. |
| 89 | Manufacturing of glue and gelatin |
| 90 | Mining and ore beneficiation |
| 91 | Pesticides (technical) (excluding formulation) |
| 92 | Photographic film and its chemicals |
| 93 | Railway locomotive work shop/Integrated road transport workshop/Authorized service centers |
| 94 | Yarn / Textile processing involving any effluent/emission generating processes including bleaching, dyeing, printing and colouring |
| 95 | Chlor Alkali |
| 96 | Ship Breaking Industries |
| 97 | Oil and gas extraction including CBM (offshore & on-shore extraction through drilling wells) |
| 98 | Industry or process involving metal surface treatment or process such as pickling/ electroplating/paint stripping/heat treatment using cyanide bath/ phosphating or finishing and anodizing / enamellings/galvanizing |
| 99 | Tanneries |
| 100 | Synthetic fibers including rayon ,tyre cord, polyester filament yarn |
| 101 | Slaughter house (as per notification S.O.270(E)dated 26.03.2001)and meat processing industries, bone mill, processing of animal horn, hoofs and other body parts |
| 102 | Aluminium Smelter |
| 103 | Copper Smelter |
| 104 | Fertilizer (basic) (excluding formulation) |
| 105 | Iron & Steel (involving processing from ore/ integrated steel plants) and or Sponge Iron units |
| 106 | Pulp & Paper ( waste paper based units with bleaching process to manufacture writing & printing paper) |
| 107 | Zinc Smelter |
| 108 | Petrochemicals Manufacturing ( including processing of Emulsions of oil and water ) |
| 109 | Pharmaceuticals |
| 110 | Pulp & Paper ( Large-Agro + wood) , Small Pulp & Paper ( agro based-wheat straw/rice husk) |
| 111 | Distillery ( molasses / grain / yeast based) |